DISPATCHED
26/06/22.

23/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1885(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 16282/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 23**

ശ്രീ. ഷാംകുമാർ,
പുന്നവിള വീട്, കുമിളിയിൽ,
വെള്ളിമൺ പി.ഒ., കേരളപുരം,
പിൻ – 691 511.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ഫയർ ആഫീസറുടെ കാര്യാലയം,
ഫയർ & റെസ്ക്യു സർവ്വീസസ്,
കൊല്ലം – 691 001.

2) അപ്പീൽ അധികാരി,
ജില്ലാ ഫയർ ആഫീസറുടെ കാര്യാലയം,
ഫയർ & റെസ്ക്യു സർവ്വീസസ്,
കൊല്ലം – 691 001.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 23/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 14/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 24/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 08/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 09/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 -(വീഡിയോ/ ഓഡിയോ ഹിയറിംഗ്) |
| ഹിയറിംഗ് സാന്നിദ്ധ്യം :അപ്പീൽ ഹർജിക്കാരൻ: എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ഷാംകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും മറുപടി ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, അപ്പീൽ അപേക്ഷയ്ക്കും സമയബന്ധിതമായി

മറുപടി നൽകാത്ത എതിർകക്ഷികൾക്കെതിരെ പരമാവധി പിഴ ശിക്ഷ ചുമത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 23.7.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളും അനുബന്ധ രേഖകളുമാണ്:

i. കൊല്ലം ഉപാസന ആശുപത്രി സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് നിലവിൽ എൻ.ഒ.സി. നൽകിയിട്ടുണ്ടോ എന്നും

ii. നൽകിയിട്ടുണ്ടെങ്കിൽ ഓരോ കെട്ടിടങ്ങൾക്കും നൽകിയിട്ടുള്ള എൻ.ഒ.സി.യുടെ കാലയളവും അനുബന്ധരേഖകളും നൽകണമെന്നും

iii. നിലവിലുള്ള കെട്ടിടങ്ങൾക്ക് ഫയർ & സേഫ്റ്റി സംബന്ധിച്ച് എന്തെങ്കിലും ചട്ട ലംഘനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അത് പരിഹരിച്ചിട്ടുണ്ടോ എന്നും അതിന്റെ വിശദാംശങ്ങളും അനുബന്ധരേഖകളും നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളും രേഖകളുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 24.08.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 14.9.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലെന്നാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.ഷാംകുമാർ പി., വിവരാവകാശ നിയമപ്രകാരം ടി ഓഫീസിൽ 27.7.2021-ന് സമർപ്പിച്ച അപേക്ഷയ്ക്ക് 24.8.2021-ന് മറുപടി നൽകിയിരുന്നു എന്നും എന്നാൽ ടിയാന് മറുപടി ലഭിച്ചിട്ടില്ലായെന്ന് ആരോപിച്ചുകൊണ്ട് അപ്പീൽ അധികാരിയ്ക്ക് 15.9.2021-ന് അപ്പീൽ നൽകുകയും ആയതിന്റെ മറുപടി 8.10.2021-ന് ടി ഓഫീസിൽ നിന്നും തപാലായി അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിന്റെ തെളിവിലേയ്ക്കായി ടിയാന്റെയും അപേക്ഷകളുടെയും, മറുപടി കത്തുകളുടെയും, ഡെസ്പാച്ച് രജിസ്റ്ററിന്റെയും ബന്ധപ്പെട്ട പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ സമർപ്പിച്ച 23.7.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് 24.8.2021-ലും 14.9.2021-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 24.9.2021-ലും മറുപടി നൽകിയിട്ടുള്ളതായും, എന്നാൽ ടി മറുപടികൾ ഹർജിക്കാരന് ലഭിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ടി തപാലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ടത് 29.12.2021-ന് പോസ്റ്റൽ വകുപ്പിന് കത്ത് നൽകിയിട്ടുള്ളതായും കാണുന്നതിനാൽ വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിൽ എതിർകക്ഷികളുടെ ഭാഗത്ത് മന:പ്പൂർവ്വമോ ബോധപ്പൂർവ്വമോ ആയ

വീഴ്ച ഉണ്ടായിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിന്മേലും എതിർകക്ഷികളിൽ നിന്നും പിഴ ഈടാക്കണമെന്ന ഹർജിക്കാരന്റെ ആവശ്യത്തിന്മേലും മറ്റ് നടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല. കെട്ടിടങ്ങളുടെ ഫയർ ആന്റ് സേഫ്റ്റി ചട്ടലംഘനങ്ങൾ സംബന്ധിച്ച് ഹർജിക്കാരനുള്ള ആക്ഷേപം തീർക്കുന്നതിനായി ടിയാന് ബന്ധപ്പെട്ട മേലധികാരികൾക്ക് പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഫെബ്രുവരി 23-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us